(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം. കെ.എസ് .എ.റ്റി.വി.എം.ജി.പി.2/1919/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം,
തീയതി : 11.11.2016
Phone No : 0471-2331231
Email : lfadtvm@yahoo.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കള്ളിക്കാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കള്ളിക്കാട് ഗ്രാമപഞ്ചായത്ത് - 2015-2016സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 -ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കള്ളിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2015-2016സാമ്പത്തികവർഷത്തെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1,2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഉപരിപത്രം സഹിതം).
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3) കാര്യാലയ പകർപ്പ്

എസ്.15/11/16

നം കെ.എസ്.എ.റ്റി.വി.എം.ജി.പി.2/1919/2016 തീയതി: 11.11.2016

**തിരുവനന്തപുരം ജില്ലയിലെ കള്ളിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

*(1994 -ലെ കേരള പഞ്ചായത്ത് രാജ് നിയമം,വകുപ്പ് 215(4) , 1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം,വകുപ്പ് 13, 1996-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ കള്ളിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 02.07.2016തീയതി മുതൽ 21.10.2016വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു .

ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ 7എണ്ണം നൽകിയതിൽ 5 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. മറുപടികൾ പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ ജമാലുദ്ദീൻ.എ, (ഡെപ്യൂട്ടി ഡയറക്ടർ)

ഓഡിറ്റിന് വിനിയോഗിച്ച സമയം : 22.10.2016 മുതൽ 31.10.2016 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ : ശ്രീമതി.സിന്ധുലാബീവി.(ഓഡിറ്റ് ഓഫീസർ)
ശ്രീമതി ജയലക്ഷ്മി.ആർ ,(അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
ശ്രീ. അജികുമാരൻ.സി.(സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീ. അജികുമാർ.എസ്.(സീനിയർ ഗ്രേഡ് ഓഡിറ്റർ)

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡന്റ് : ശ്രീ.വിനോദ് കുമാർ.ബി.01.04.2015 മുതൽ 11.10.2015
ശ്രീ. സാനുമതി.എൽ ,12.11.2015 മുതൽ 31.03.2016 വരെ

സെക്രട്ടറി : ശ്രീ.വി.ചന്ദ്രശേഖരൻ നായർ.01.04.2015മുതൽ 30.11.2015വരെ
ശ്രീ.മോഹനകുമാരൻ നായർ, 30.11.2015 മുതൽ 15.12.2015വരെ
ശ്രീ. ഡി. രാജേഷ്,15.12.2015 മുതൽ 31.03.2016വരെ

| തസ്തിക | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ. സത്യൻ വി .എസ്<br>ശ്രീ.കെ.എസ്.രാധാകൃഷ്ണൻ നായർ<br>ശ്രീമതി. നിർമല സിസിലി ജോർജ്ജ്<br>ശ്രീമതി. സീമ | 01.04-2015 മുതൽ 10.06.15 വരെ<br>10.06-2015 മുതൽ 30.11.15 വരെ<br>01.12-2015 മുതൽ 14.03.16 വരെ<br>15.03.2016 മുതൽ 31.03.16 വരെ |
| വെറ്ററിനറി സർജൻ | ഡോ എസ് സജിത്കുമാർ<br><br>ഡോ കൃഷ്ണകുമാർ | 01.04.2015 മുതൽ 04.03.2016 വരെ |

| | | |
|---|---|---|
| | | 04.03.2016 മുതൽ 31.03.2016 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | നബീസാ ബീവി | 01.04.2015 മുതൽ 31.03.2016 വരെ |
| വി.ഇ.ഒ. (എ)സർക്കിൾ | രാധിക എസ്.ആർ | 01.04.2015മുതൽ31.03.2016 വരെ |
| വി.ഇ.ഒ (ബി) സർക്കിൾ | അഭിലാഷ് | 01.04.2015മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി, | ഡോ.സഞ്ജീവ്.എസ്. | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.റീജ എൽ.റ്റി. | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ബീന.കെ.ദാസ്. | 01.04.2015 മുതൽ31.03.2016 വരെ |
| അസി. എൻജിനീയർ | രോഹിണി.ജെ. | 01.04.2015 മുതൽ 31.03.2016 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |

| | | | |
|---|---|---|---|
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-12 | |
| | ഭാഗം 2 | | |
| 12 | തൊഴിൽ നികുതിയിലെ കുറവ്-16980രൂപഈടാക്കാനവശേഷിക്കുന്നു | 2-1 | |
| 13 | സ്ഥാപനനികുതി ഈടാക്കിയിട്ടില്ല | 2-2 | |
| 14 | D&Oലൈസൻസ് നല്കിയിട്ടില്ല | 2-4 | |
| 15 | ഷോപ്പിംഗ് കോംപ്ളക്സ് വാടകകുടിശ്ശികയും വരുമാന നഷ്ടവും | 2-5 | |
| 16 | ലേലം-കുടിശ്ശിക 61000/- രൂപ ഈടാക്കിയില്ല | 2-6 | |
| 17 | റേഷൻ കട – ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു | 2-7 | |
| 18 | പരസ്യനികുതി ബൈലോ | 2-8 | |
| 19 | രാജീവ്ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡെവലപ്പ്മെന്റ് ആന്റ് സ്റ്റഡീസ് സെന്റർ കെട്ടിട നികുതിയിനത്തിൽ ലക്ഷങ്ങളുടെ കുടിശ്ശിക | 2-9 | |
| 20 | ഇ.എം.എസ് ഭവനപദ്ധതിയുമായി ബന്ധപ്പെട്ട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ ആരംഭിച്ച അക്കൗണ്ടിൽ 22,59,745/- രൂപ നിർജ്ജീവമായി കിടക്കുന്നു. | 2-10 | |
| | ഭാഗം 3 | | |
| 21 | പ്രീ-പ്രൈമറി സ്കൂൾ കുട്ടികൾക്ക് പോഷകാഹാര വിതരണം-മാർഗ്ഗനിർദ്ദേശം പാലിച്ചിട്ടില്ല | 3-1 | |
| 22 | പ്രോജക്ട് നടത്തിപ്പ് പുറത്തെ ഏജൻസിക്ക് നൽകിയത് ക്രമവിരുദ്ധം - 2,50,000 രൂപ തടസ്സപ്പെടുത്തുന്നു. | 3-2 | |
| 23 | ക്ഷാമബത്ത കുടിശിക അധികമായി നല്കി 10,878/-രൂപയുടെ ചെലവ് നിരാകരിക്കുന്നു | 3-3 | |
| 24 | ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ-അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തം | 3-4 | |
| | ഭാഗം 4 | | |
| 25 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 26 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 27 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |

| | | | |
|---|---|---|---|
| 28 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 29 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 30 | ഓഡിറ്റ് റിക്കവറി | 4-6 | |
| 31 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 32 | ഓഡിറ്റ് പ്രത്യവലോകനം | 4-8. | |
| 33 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9. | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 27.03.2015ലെ I(i)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ 19,15,06,935/- രൂപ വരവും 18,98,30,500 /-രൂപ ചെലവുമാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ യഥാർത്ഥ വരവ് 5,71,22,746/-രൂപയും (മുന്നിരിപ്പ് ഉൾപ്പെടെ) ചെലവ് 5,62,06,480/-രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 30.06.2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ സമർപ്പിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ / തീയതി |
|---|---|---|
| 2015-16 | 16.07.2016 | -- |

## 1-4 സാമ്പത്തിക വിശകലനം

മുൻബാക്കി : 18801024

വരവ് : 38321722

ആകെ : 57122746

ചെലവ് : 56206480

നീക്കി ബാക്കി : 916266

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ | റ്റി.സി.ചെയ്തു | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|

| | | വരവ് | തുക | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 1305879 | 3098802 | 5064728 | 9469409 | 9469409 | 0 |
| വികസനഫണ്ട് എസ്.സി.പി. | 717014 | 1547250 | (-)519058 | 1745206 | 1745206 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 243124 | 1389391 | (-)203124 | 1429391 | 1429391 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 5702332 | 12081644 | - | 17783976 | 17783976 | 0 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 774012 | 1874444 | - | 2648456 | 2648456 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1296555 | 5285769 | (-)1784163 | 4798161 | 4798161 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 3045790 | 2517719 | (-)2558383 | 3005126 | 3005126 | 0 |
| എം.എൻ.ആർ .ഇ. ജി.എസ് | 2855471 | EFMS-47129000 + ADMIN-796100= 47925100 | 0 | 50780571 | EFMS-47129000+ ADMIN-3624923= 50753923 | 26648 |
| ബി ഫണ്ട് | 0 | 14965+ 14938910 (DBT)= 15088565 | 0 | 15088565 | 15088565 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 1614588 | 3997353 | 0 | 5611941 | 5013152 | 598789 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു:

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 164 | 24272243 | 136 | 16787466 | 8 | 20 | 82.9% |

പദ്ധതി നിർവ്വഹണത്തിൽ ഗ്രാമപഞ്ചായത്ത് അധികൃതർ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്. കാർഷിക മേഖലയിലെ പദ്ധതികൾക്ക് തൻവർഷം കൂടുതൽ പ്രാധാന്യം നൽകിയിട്ടില്ല. പശ്ചാത്തല മേഖലയിലെ പദ്ധതികൾ ഗുണഭോക്താക്കൾക്ക് പൂർണ്ണമായും പ്രയോജനപ്പെടും വിധം നടപ്പിലാക്കേണ്ടതാണ്.

ഫണ്ടിന്റെ ലഭ്യത ഉറപ്പാക്കിയും പ്രാഥമിക പഠനം നടത്തിയും പ്രായോഗികമായി നടപ്പിലാക്കാൻ കഴിയുന്ന പദ്ധതികൾക്ക് പ്രഥമ പരിഗണന നൽകേണ്ടതും, അംഗീകാരം ലഭ്യമാകുന്ന എല്ലാ പ്രോജക്ടുകളും സമയബന്ധിതമായി പൂർത്തിയാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ്.

## 1-7 തനതുവരുമാനം.

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വിവിധ ഇനങ്ങളിൽ കുറവ് വന്നിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | | | |
| പരസ്യ നികുതി | 0 | 0 | |
| തൊഴിൽ നികുതി | *1275309* | 1257900 | 17409 |
| കെട്ടിട നികുതി | *1090916* | 830380 | 260536 |
| *വിനോദ നികുതി* | *8505* | - | 8505 |
| നികുതിയേതര വരവുകൾ | | | |
| ലേലം | *84641* | 231544 | (-)146903 |
| ഷോപ്പിംഗ് കോംപ്ലക്സ്. | *32000* | 16000 | 16000 |
| ഡി&ഒ ലൈസൻസ്. | *10250* | 21310 | (-)11060 |
| മറ്റ് വരവുകൾ. | *2422874* | 4881434 | (-)2458560 |
| ആകെ | 4924495 | 7238568 | (-)2314073 |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു:

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 490320 | 300 |
| കർഷക തൊഴിലാളി പെൻഷൻ | 2523480 | 373 |
| വിധവാപെൻഷൻ | 7247120 | 823 |
| വാർദ്ധക്യകാല പെൻഷൻ | 3159930 | 733 |
| വികലാംഗ പെൻഷൻ | 1926700 | 215 |
| 50 വയസ്സിന് മുകളിലുള്ള അവിവാ ഹിതരായ സ്ത്രീകളുടെ പെൻഷൻ | 81680 | 8 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994 -ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.10.2016 രാവിലെ 10.15 മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4550/- രൂപ നീക്കിയിരിപ്പുള്ളതായി ബോധ്യപ്പെട്ടു.

1994 -ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.10.2016 രാവിലെ 10.15 മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4550/- രൂപ നീക്കിയിരിപ്പുള്ളതായി ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

പഞ്ചായത്തിലെ രജിസ്റ്ററുകളെല്ലാം തന്നെ നല്ല രീതിയിൽ പരിപാലിച്ചിട്ടുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 06.09.2016 to 09.09.2016 | 01.04.2016 to 31.08.2016 | ഇല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2012 | 2007-08 to 2011-12 | 11.03.2013 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതിയിൽ കുറവ്-സി.ബി.എസ്.സി.സ്കൂളുകൾ മിനിമം വേതനം നൽകുന്നില്ല.

ബഹു.കേരള ഹൈക്കോടതിയുടെ 14/09/2012 ലെ WPC.No.32928/11 ഉത്തരവ് പ്രകാരം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന CBSC സ്കൂളുകൾ അധ്യാപകർക്കു മിനിമം പതിനായിരം രൂപ പ്രതിമാസവേതനം നൽകേണ്ടതുണ്ട്. 1997 ലെ കേരള പഞ്ചായത്തിരാജ് (തൊഴിൽ നികുതിചട്ടങ്ങൾ) ചട്ടം14,16 എന്നിവ പ്രകാരം തൊഴിലുടമ ജീവനക്കാരുടെ വരുമാനം കാണിക്കുന്ന പത്രിക ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതുണ്ട്. ചുവടെ ചേർക്കുന്ന സ്വകാര്യ സ്കൂളുകൾ സമർപ്പിച്ച പത്രിക പരിശോധിച്ചതിൽ (പത്രികളിൽ ജീവനക്കാരുടെ വേതനം രേഖപ്പെടുത്തിയിട്ടുണ്ട്) നിന്നും ഹൈക്കോടതി നിർദേശം പാലിക്കാതെ വളരെ കുറഞ്ഞ പ്രതിമാസവേതനമാണ് അധ്യാപകർക്കു നൽകുന്നതെന്നു വ്യക്തമാകുന്നു.പതിനായിരം രൂപ പ്രതിമാസം നൽകിയിരുന്നുവെങ്കിൽ ആയതനുസരിച്ച് 600/-രൂപ അർദ്ധവാർഷിക തൊഴിൽ നികുതി ലഭിക്കുമായിരുന്നു.വിശദാംശം ചുവടെ.

1. ലയോള സ്കൂൾ മുകുന്ദര

ഒന്നാം അർദ്ധവർഷം നികുതി -രസീത് നം -100565/15തീയതി 25/08/15

| ക്രമ നം. | അധ്യാപകരുടെ പേര് | നൽകിയ പ്രതിമാസ വേതനം | ഹൈക്കോടതിനിശ്ചയിച്ച തുകയുമായുള്ള വ്യത്യാസം | വേതനം | തൊഴിൽ നികുതി | തൊഴിൽ നികുതി ഇനത്തിൽ ഒന്നാം അർദ്ധവർഷം ലഭിക്കുമായിരുന്ന തുക (600 ഈടാക്കിയ നികുതി) |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| 1 | രാജിലൻസ് | 8500 | 1500 | 51000 | 450 | 600-450=150 |
| 2 | സൗമ്യ | 7150 | 2850 | 42900 | 300 | 600-300=300 |
| 3 | രജ്ഞിനി | 7150 | 2850 | 42900 | 300 | 300 |
| 4 | റെജി തോംസൺ | 7150 | 2850 | 42900 | 300 | 300 |
| 5 | സീമ | 7150 | 2850 | 42900 | 300 | 300 |
| 6 | ലിസി | 7150 | 2850 | 42900 | 300 | 300 |
| 7 | ശ്രീജിത | 7150 | 2850 | 42900 | 300 | 300 |
| 8 | ഹെലൻ | 7150 | 2850 | 42900 | 300 | 300 |
| 9 | ജ്യോതി ലക്ഷമി | 6890 | 3110 | 41340 | 300 | 300 |
| 10 | മീന | 6890 | 3110 | 41340 | 300 | 300 |
| 11 | സിന്ധു | 6890 | 3110 | 41340 | 300 | 300 |
| 12 | ദവ്യാകൃഷ്ണൻ | 6890 | 3110 | 41340 | 300 | 300 |
| 13 | ശ്രീദേവി | 6890 | 3110 | 41340 | 300 | 300 |
| 14 | മജ്ഞുഷ | 6890 | 3110 | 41340 | 300 | 300 |
| 15 | ആശ | 6890 | 3110 | 41340 | 300 | 300 |
| 16 | ശ്രീജജോൺ | 6890 | 3110 | 41340 | 300 | 300 |
| 17 | കവിത | 6890 | 3110 | 41340 | 300 | 300 |
| 18 | സ്വപ്ന | 6890 | 3110 | 41340 | 300 | 300 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | ആകെ | 5250 |

*രണ്ടാം അർദ്ധവർഷം*

രണ്ടാം അർദ്ധവർഷം നികുതി -രസീത് നം. 101780/16 തീയതി 28/03/16

| ക്രമ നം. | അധ്യാപകരുടെ പേര് | നൽകിയ പ്രതിമാസ വേതനം | ഹൈക്കോടതിനിശ്ചയിച്ച തുകയുമായുള്ള വ്യത്യാസം | വേതനം | തൊഴിൽ നികുതി | തൊഴിൽ നികുതി ഇനത്തിൽ രണ്ടാം അർദ്ധവർഷം ലഭിക്കുമായിരുന്ന തുക (600 ഈടാക്കിയ നികുതി) |
|---|---|---|---|---|---|---|
| 1 | രാജിലൻസ് | 8500 | 1500 | 51000 | 450 | 600-450=150 |
| 2 | സൗമ്യ | 7150 | 2850 | 42900 | 300 | 600-300=300 |
| 3 | രജ്ഞിനി | 7150 | 2850 | 42900 | 300 | 300 |
| 4 | റെജി തോംസൺ | 7150 | 2850 | 42900 | 300 | 300 |
| 5 | സീമ | 7150 | 2850 | 42900 | 300 | 300 |
| 6 | ലിസി | 7150 | 2850 | 42900 | 300 | 300 |
| 7 | ശ്രീജിത | 7150 | 2850 | 42900 | 300 | 300 |
| 8 | ഹെലൻ | 7150 | 2850 | 42900 | 300 | 300 |
| 9 | ജ്യോതി ലക്ഷ്മി | 6890 | 3110 | 41340 | 300 | 300 |
| 10 | മീന | 6890 | 3110 | 41340 | 300 | 300 |
| 11 | സിന്ധു | 6890 | 3110 | 41340 | 300 | 300 |
| 12 | ദിവ്യാകൃഷ്ണൻ | 6890 | 3110 | 41340 | 300 | 300 |
| 13 | ശ്രീദേവി | 6890 | 3110 | 41340 | 300 | 300 |
| 14 | മജ്ഞുഷ | 6890 | 3110 | 41340 | 300 | 300 |

| | | | | | | |
|---|---|---|---|---|---|---|
| 15 | ആശ | 6890 | 3110 | 41340 | 300 | 300 |
| 16 | ശ്രീജജോൺ | 6890 | 3110 | 41340 | 300 | 300 |
| 17 | കവിത | 6890 | 3110 | 41340 | 300 | 300 |
| 18 | സ്വപ്ന | 6890 | 3110 | 41340 | 300 | 300 |
| | | | | | ആകെ | 5250 |

2.സെന്റ് ജോസഫ് സ്കൂൾ

സ്ഥാപനം ആറുമാസത്തെ വേതനമാണ് പത്രികയിൽ കാണിച്ചിട്ടുള്ളത്. എന്നാൽ ഹൈക്കോടതി നിർദ്ദേശപ്രകാരമുള്ള വേതനം നൽകിയിരുന്നുവെങ്കിൽ ആറുമാസത്തേയ്ക്ക് 60,000/-രൂപ വേതനം ലഭ്യമാകുന്ന വ്യക്തിയിൽ നിന്നു 600/-രൂപ അർദ്ധവാർഷിക തൊഴിൽ നികുതി ലഭിക്കുമായിരുന്നു

ഒന്നാം അർദ്ധവർഷം

ഒന്നാം അർദ്ധവർഷം നികുതി -രസീത് നം.-100571/15 dtd 25/08/15

| ക്രമ നം. | അധ്യാപകരുടെ പേര് | നൽകിയ പ്രതിമാസ വേതനം | ഹൈക്കോടതിനിശ്ചയിച്ച തുകയുമായുള്ള വ്യത്യാസം | വേതനം | തൊഴിൽ നികുതി | തൊഴിൽ നികുതി ഇനത്തിൽ ഒന്നാം അർദ്ധവർഷം ലഭിക്കുമായിരുന്ന തുക (600 ഈടാക്കിയ നികുതി) |
|---|---|---|---|---|---|---|
| 1 | ഷാജിമാത്യു | 5000 | 5000 | 30000 | 300 | 600-300=300 |
| 2 | മായാവിജയൻ | 4500 | 5500 | 27000 | 180 | 600-300=420 |
| 3 | ജീനാജോൺ | 4000 | 6000 | 24000 | 180 | 420 |
| 4 | ലതികാമോൾ | 4000 | 6000 | 24000 | 180 | 420 |
| 5 | ജിസ്മേരി | 3000 | 7000 | 18000 | 180 | 420 |
| 6 | ലില്ലി ആൻ | 3000 | 7000 | 18000 | 180 | 420 |
| 7 | ദീപ്തിമേരി | 3000 | 7000 | 18000 | 180 | 420 |
| 8 | ആഗ്നസ് | 3000 | 7000 | 18000 | 180 | 420 |
| | | | | | ആകെ | 3240 |

*രണ്ടാം അർദ്ധവർഷം*

രണ്ടാം അർദ്ധവർഷം നികുതി -രസിത് നം 101714/16 dtd 23/03/16

| ക്രമ നം | അധ്യാപകരുടെ പേര് | നൽകിയ പ്രതിമാസ വേതനം | ഹൈക്കോടതിനിശ്ചയിച്ച തുകയുമായുള്ള വ്യത്യാസം | വേതനം | തൊഴിൽ നികുതി | തൊഴിൽ നികുതി ഇനത്തിൽ രണ്ടാം അർദ്ധവർഷം ലഭിക്കുമായിരുന്ന തുക (600 ഈടാക്കിയ നികുതി) |
|---|---|---|---|---|---|---|
| 1 | ഷാജിമാത്യു | 5000 | 5000 | 30000 | 300 | 600-300=300 |
| 2 | മായാവിജയൻ | 4500 | 5500 | 27000 | 180 | 600-300=420 |
| 3 | ജീനാജോൺ | 4000 | 6000 | 24000 | 180 | 420 |
| 4 | ലതികാമോൾ | 4000 | 6000 | 24000 | 180 | 420 |
| 5 | ജിസ്മേരി | 3000 | 7000 | 18000 | 180 | 420 |
| 6 | ലില്ലി ആൻ | 3000 | 7000 | 18000 | 180 | 420 |
| 7 | ദീപ്തിമേരി | 3000 | 7000 | 18000 | 180 | 420 |
| 8 | ആഗ്നസ് | 3000 | 7000 | 18000 | 180 | 420 |
| | | | | | ആകെ | 3240 |

മേൽ ഓഡിറ്റ് പരാമർശത്തിന്റെ പകർപ്പ് തൊഴിലുടമകൾക്കു അയച്ചു കൊടുക്കേണ്ടതും നികുതിയിനത്തിൽ ലഭിക്കേണ്ടിയിരുന്ന 5250+5250+3240+3240=16980/- രൂപ ഈടാക്കേണ്ടതുമാണ്.

## 2-2 സ്ഥാപന നികുതി ഈടാക്കിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്തിരാജ് ആക്ട് സെക്ഷൻ 204 പ്രകാരം ഗ്രാമപഞ്ചായത്ത് മേഖലയിൽ ലാഭേച്ഛയോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ഓരോ അർദ്ധ വർഷവും സ്ഥാപന നികുതി ഈടാക്കുന്നതിനു ഗ്രാമപഞ്ചായത്തിനു അധികാരമുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് അതിൻെറ അധികാര പരിധിയിൽ താഴെപ്പറുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനത്തിൻെറ പേര് | ഒന്നാം അർദ്ധ വർഷം | രണ്ടാം അർദ്ധ വർഷം |
|---|---|---|

| | | |
|---|---|---|
| കിക്മ കോളേജ് നെട്ടുകാൽത്തേരി | ഈടാക്കിയിട്ടില്ല. | ഈടാക്കിയിട്ടില്ല. |
| വിഷ്ണുഫൈനാൻസ് | ഈടാക്കിയിട്ടില്ല. | ഈടാക്കിയിട്ടില്ല. |
| ഐശ്വര്യാഫൈനാൻസ് | ഈടാക്കിയിട്ടില്ല. | ഈടാക്കിയിട്ടില്ല. |
| ഉത്രാടം ഫൈനാൻസ് | ഈടാക്കിയിട്ടില്ല. | ഈടാക്കിയിട്ടില്ല. |
| ക്ഷീരസംഘം വാവോട് | ഈടാക്കിയിട്ടില്ല. | ഈടാക്കിയിട്ടില്ല. |
| ക്ഷീരസംഘം കള്ളിക്കാട് | ഈടാക്കിയിട്ടില്ല. | ഈടാക്കിയിട്ടില്ല. |
| മാവേലിസ്റ്റോർ കള്ളിക്കാട് | ഈടാക്കിയിട്ടില്ല. | ഈടാക്കിയിട്ടില്ല. |
| ഷാലോം ചാരിറ്റീസ്, മാട്രിമോണിയൽ സർവ്വീസ്. | ഈടാക്കിയിട്ടില്ല. | ഈടാക്കിയിട്ടില്ല. |

ഓഡിറ്റ് എൻക്വയറി നം.1 നുള്ള മറുപടിയിൽ ഈ സ്ഥാപനങ്ങൾക്കു നോട്ടീസ് നൽകിയിട്ടുണ്ട് എന്നാണ് അറിയിച്ചിട്ടുള്ളത് .പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നു സ്ഥാപന നികുതി നിർണ്ണയിച്ചു ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഡിമാന്റ് തുക കണക്കാക്കി ഈയിനത്തിൽ ഗ്രാമപഞ്ചായത്തിനുണ്ടാകുന്ന സാമ്പത്തിക നഷ്ടം ബന്ധപ്പെട്ട ഉദ്ധ്യോഗസ്ഥനിൽ നിന്നും ഈടാക്കുവാൻ നടപടി സ്വീകരിക്കുന്നതായിരിക്കും.

## 2-3 തൊഴിൽ നികുതി

1994-ലെ കേരള പഞ്ചായത്തിരാജ് ആക്ട് സെക്ഷൻ 204(1)പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്നവരിൽ നിന്നും ഓരോ അർദ്ധവർഷവും വരുമാനത്തിൻെറ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കുന്നതിനു പഞ്ചായത്തിന് അധികാരം ഉണ്ട്. ചട്ടം 13 അനുസരിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപനത്തിൻെറ പരിധിയിലുള്ള സ്ഥാപനങ്ങളിലെ തൊഴിലുടമകളോടു സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ലിസ്റ്റ് ആവശ്യപ്പെടുന്നതിനും അധികാരം ഉണ്ട്. എന്നാൽ കള്ളിക്കാട് ഗ്രാമപഞ്ചായത്തിൻെറ പരിധിയിൽ പ്രവർത്തിക്കുന്ന ചുവടെ ചേർത്തിരിക്കുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.

| സ്ഥാപനത്തിന്റെ പേര് | ഒന്നാം അർദ്ധ വർഷം | രണ്ടാം അർദ്ധ വർഷം |
|---|---|---|
| ക്ഷീരസംഘം വാവോട് | ഈടാക്കിയിട്ടില്ല. | ഈടാക്കിയിട്ടില്ല. |
| ക്ഷീരസംഘം കള്ളിക്കാട് | ഈടാക്കിയിട്ടില്ല. | ഈടാക്കിയിട്ടില്ല. |
| ക്ഷീരസംഘം മൈലക്കര | 630/- | ഈടാക്കിയിട്ടില്ല. |
| നന്മ സ്റ്റോർ കള്ളിക്കാട് | ഈടാക്കിയിട്ടില്ല. | ഈടാക്കിയിട്ടില്ല. |
| നന്മ സ്റ്റോർ പെരിഞ്ഞാംകടവ് | ഈടാക്കിയിട്ടില്ല. | ഈടാക്കിയിട്ടില്ല. |
| നന്മ സ്റ്റോർ കണ്ടംതിട്ട | ഈടാക്കിയിട്ടില്ല. | ഈടാക്കിയിട്ടില്ല. |

| | | |
|---|---|---|
| പുലരിഹേമിയോ മെഡിക്കൽഓഫീസർ | ഈടാക്കിയിട്ടില്ല. | ഈടാക്കിയിട്ടില്ല. |

മേൽ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണം 1നുള്ള മറുപടിയിൽ ഈ സ്ഥാപനങ്ങൾക്കു നോട്ടീസ് നൽകിയിട്ടുണ്ടെന്നും നികുതി ഈടാക്കി പ്രസ്തുതവിവരം ഓഡിറ്റിൽ അറിയിക്കുന്നതായിരിക്കും എന്ന് അറിയിച്ചിട്ടുണ്ട്.

## 2-4 നെയ്യാർഡാമിലെ കടകൾക്കു ഡി & ഒ ലൈസൻസ് നൽകുന്നില്ല.

കള്ളിക്കാട് ഗ്രാമപഞ്ചായത്തിൽ 1998 ലെ കേരള പഞ്ചായത്തിരാജ് ചട്ടങ്ങൾ, ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്ത് അതിന്റെ അധികാര പരിധിയിൽ വരുന്ന കച്ചവട സ്ഥാപനങ്ങളെ സംബന്ധിച്ചുള്ള ട്രേഡ്സ് ലിസ്റ്റ് വാർഡ് തിരിച്ചു സൂക്ഷിക്കുന്നുണ്ടെങ്കിലും ഇതു കാലികമല്ല. ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള പല സ്ഥാപനങ്ങളും ലിസ്റ്റിൽ വന്നിട്ടില്ല. ട്രേഡ്സ് ലിസ്റ്റിൽ 154 സ്ഥാപനങ്ങൾ ഉൾക്കെള്ളിച്ചിട്ടുണ്ടെങ്കിലും 2015-16 കാലയളവിൽ 103 സ്ഥാപനങ്ങൾക്ക് മാത്രമേ ലൈസൻസ് നൽകിയിട്ടുള്ളൂ. നെയ്യാർഡാമിൽ ജലസേചന വകുപ്പുമായി കരാറിൽ ഏർപ്പെട്ട് പ്രവർത്തിക്കുന്ന നിരവധി കച്ചവട സ്ഥാപനങ്ങൾ ഉണ്ടെങ്കിലും ഇവയ്ക്കു പഞ്ചായത്ത് ലൈസൻസ് നല്കിയിട്ടില്ല. ഓഡിറ്റ് അന്വേഷണം 2നുള്ള മറുപടിയിൽ ഈ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും ഈ സ്ഥാപനങ്ങളുടെ കരാർ പുതുക്കുന്ന ക്രമത്തിൽ മുഴുവൻ കടകൾക്കും ലൈസൻസ് ഏർപ്പെടുത്തുമെന്നും അറിയിച്ചിട്ടുണ്ട്. ഈ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകി പ്രസ്തുത വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-5 ഷോപ്പിംഗ് കോംപ്ലക്സ് വാടക കുടിശ്ശികയും വരുമാന നഷ്ടവും

2014-15 -ൽ കള്ളിക്കാട് ഷോപ്പിംഗ് കോംപ്ലക്സ് മുറി വാടകയിനത്തിൽ ലേല രജിസ്റ്റർ പ്രകാരം 85200/-രൂപ ഈടാക്കാനവശേഷിക്കുന്നു.2015-16 കാലയളവിൽ 3കടമുറികൾ മാത്രമാണ് ലേലത്തിൽ പോയത്. ഇതും ജനുവരി മാസത്തിലാണ് ലേലത്തിൽ നൽകിയിരിക്കുന്നത്. 2014-15 -ൽ 5100/-രൂപയ്ക്കു ലേലം നൽകിയ കടമുറികൾ 2015-16-ൽ വെറും 1000/-രൂപയ്ക്കാണ് ലേലം നൽകിയിരിക്കുന്നത്. ഭാവിയിൽ ഇത്തരത്തിലുള്ള വരുമാന നഷ്ടം ഒഴിവാക്കാൻ പഞ്ചായത്ത് ഭരണ സമിതിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്. വാടകയിനത്തിലെ കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-6 ലേലം കുടിശ്ശിക 61000/-രൂപ ഈടാക്കിയില്ല.

2015-16 കാലയളവിൽ കള്ളിക്കാട് പബ്ളിക് മാർക്കറ്റ്, ഗേറ്റ് ഫീ, വിപണന സ്റ്റാളുകൾ എന്നിവ ശ്രീ.തങ്കപ്പൻനായർ ലക്ഷ്മീ ഭവൻ, കൊഞ്ഞാർ എന്ന വ്യക്തിയ്ക്ക് 1,26,000/-രൂപയ്ക്ക് ലേലം നൽകി. എന്നാൽ പഞ്ചായത്ത് ഇയാളുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. ലേല ഡയറി പ്രകാരം ടിയാൻ ഒന്നാം ഗഡു 65,000/-രൂപയെ നാളിതുവരെ ഒടുക്കിയിട്ടുള്ളൂ. കുടിശ്ശിക 61,000/-രൂപ ഈടാക്കിയിട്ടില്ല. പ്രസ്തുത തുക ഈടാക്കുന്നതിന് തുടർനടപടിയും സ്വീകരിച്ചിട്ടില്ല. ലേലയിനത്തിലെ കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഈയിനത്തിൽ ഗ്രാമപഞ്ചായത്തിനുണ്ടാകുന്ന സാമ്പത്തിക നഷ്ടം ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ ഭരണതലത്തിലുള്ള വീഴ്ചയായി കണക്കാക്കി തുക ഈടാക്കുവാൻ നടപടി സ്വീകരിക്കുന്നതായിരിക്കും.

## 2-7 റേഷൻകടകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, പട്ടിക I ക്രമ നം.149പ്രകാരം റീട്ടെയിൽ റേഷൻകടകൾ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ എന്നിവയ്ക്ക് ലൈസൻസ് നൽകി ഫീസ് ഈടാക്കാൻ പഞ്ചായത്തിന് അധികാരമുണ്ട്. എന്നാൽ റേഷൻകടകൾക്ക് ഡി & ഒ ലൈസൻസ് നൽകാൻ പഞ്ചായത്ത് യാതൊരു നടപടിയും നാളിതുവരെ സ്വീകരിച്ചിട്ടില്ല. പഞ്ചായത്തിൽ 10 റേഷൻകടകൾ പ്രവർത്തിച്ചുവരുന്നു. ഇക്കാരണത്താൽ ലൈസൻസ് ഫീസ്, സ്ഥാപന തൊഴിൽനികുതി, ജീവനക്കാരുടെ തൊഴിൽനികുതി എന്നീ ഇനങ്ങളിൽ വരുമാന നഷ്ടം ഉണ്ടാകുന്നുണ്ട്. റേഷൻകട ഉടമകൾക്ക് നോട്ടീസ് നൽകി ഡി & ഒ ലൈസൻസ് ഈ വർഷം മുതൽ എടുപ്പിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി റേഷൻകടകൾക്ക് നോട്ടീസ് നൽകിയതായി ഈ വിഷയത്തിന്മേൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടിയായി സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

## 2-8 പരസ്യനികുതി ബൈലോ പാസ്സാക്കിയിട്ടില്ല- പരസ്യനികുതി ഈടാക്കുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 209 പ്രകാരം പഞ്ചായത്തിന്റെ അധികാര പരിധിയിൽ പ്രദർശിപ്പിക്കുന്ന പരസ്യത്തിനു സർക്കാർ അംഗീകാരത്തോടുകൂടി ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിക്കുന്ന നിരക്കിൽ നികുതി ഒടുക്കേണ്ടതാണ്. എന്നാൽ കള്ളിക്കാട് ഗ്രാമപഞ്ചായത്തിൽ പരസ്യനികുതി ബൈലോ പാസാക്കിയിട്ടില്ല എന്നു ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടി ലഭ്യമാക്കി. 2015-16സാമ്പത്തിക വർഷത്തിൽ പരസ്യനികുതിയിനത്തിൽ വരുമാനമൊന്നും ലഭിച്ചിട്ടില്ല. അതിനാൽ ബൈലോ പാസാക്കി പരസ്യനികുതി പിരിച്ചെടുക്കുന്നതിനുള്ള അവകാശം ലേലത്തിൽ നൽകി തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ഊർജ്ജിത ശ്രമം പഞ്ചായത്തധികൃതരുടെ ഭാഗത്തു നിന്നുണ്ടാകേണ്ടതാണ്.

## 2-9 രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡെവലപ്പ്മെന്റ് ആന്റ് സ്റ്റഡി സെന്റർ, നെയ്യാർഡാം - കെട്ടിട നികുതിയിനത്തിൽ ലക്ഷങ്ങളുടെ കുടിശ്ശിക

കള്ളിക്കാട് ഗ്രാമപഞ്ചായത്തിലെ കാളിപ്പാറ വാർഡിൽ പ്രവർത്തിക്കുന്ന രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡെവലപ്പ്മെന്റ് ആന്റ് സ്റ്റഡി സെന്റർ, നെയ്യാർഡാം എന്ന സ്ഥാപനം 2014-15 ഒന്നാം അർദ്ധവർഷത്തിന് ശേഷം കെട്ടിട നികുതി അടച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിലെ അസ്സസ്മെന്റ് രജിസ്റ്റർ ഡിമാന്റ് നമ്പർ 5275 പ്രകാരം 55,253/- രൂപയാണ് ഈ സ്ഥാപനം ഓരോ അർദ്ധവർഷവും നികുതിയിനത്തിൽ അടയ്ക്കേണ്ടത്. അപ്രകാരം 2014-15 ലെ രണ്ടാം അർദ്ധവർഷവും 2015-16 ലെ നികുതിയും ചേർത്ത് (55253 x 3 = 165758/-) 1,65,758/- രൂപ കുടിശ്ശിക അടയ്ക്കാനുണ്ട്. ഒന്നിലധികം കെട്ടിടങ്ങളുള്ള ഈ സ്ഥാപനത്തിലെ ഒരു കെട്ടിടത്തിന് മാത്രമെ നികുതി നിശ്ചയിച്ചിട്ടുള്ളൂ. മുഴുവൻ കെട്ടിടങ്ങൾക്കും നികുതി നിർണ്ണയിച്ച് കുടിശ്ശിക നികുതി ഈടാക്കി വിവരം അടിയന്തിരമായി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-10 ഇ.എം.എസ് ഭവനപദ്ധതിയുമായി ബന്ധപ്പെട്ട് സർവ്വീസ് സഹകരണസംഘം ബാങ്കിൽ ആരംഭിച്ച അക്കൗണ്ടിൽ 22,59,745/- രൂപ നിർജ്ജീവമായി കിടക്കുന്നു.

കള്ളിക്കാട് ഗ്രാമപഞ്ചായത്തിൽ ഇ.എം.എസ് ഭവനപദ്ധതിയുമായി ബന്ധപ്പെട്ട് ബി സർക്കാർ വി.ഇ.ഒ യുടെയും ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെയും പേരിൽ സംയുക്തമായി കള്ളിക്കാട് സർവ്വീസ് സഹകരണസംഘം ബാങ്കിൽ 9803 എന്ന അക്കൗണ്ട് 11/03/2010-ൽ ആരംഭിച്ചു. എന്നാൽ പദ്ധതി ആരംഭിച്ച് ആറ് വർഷങ്ങൾക്ക് ശേഷം ബി.സർക്കിൾ വി.ഇ.ഒ യുടെ കൈവശമുണ്ടായിരുന്ന മേൽ അക്കൗണ്ടിന്റെ പാസ് ബുക്ക് പരിശോധിച്ചപ്പോൾ 30.09.2016 ലെ നീക്കിയിരിപ്പായി 22,59,745/- രൂപ കാണുന്നു. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.7 തീയതി 31.10.2016 ന്റെ മറുപടി ലഭ്യമാക്കിയിട്ടില്ല.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പ്രീ-പ്രൈമറി സ്കൂൾ കുട്ടികൾക്ക്പോഷകാഹാര വിതരണം- മാർഗ്ഗനിർദ്ദേശം പാലിച്ചിട്ടില്ല

പ്രോജക്ട് നം - S0100/16,104/16,46/15

പ്രോജക്ട് അടങ്കൽ - 140,000/- (വികസന ഫണ്ട്)

ചെലവ് തുക - 1,40,000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ - എച്ച്.എം

എച്ച്.എം നിർവ്വഹണം നടത്തിയ പ്രീ-പ്രൈമറി സ്കൂൾ കുട്ടികൾക്ക് പോഷകാഹാര പദ്ധതിയിൽ കുട്ടികൾക്ക്

1,40,000-രൂപയ്ക്ക് (20.01.16മുതൽ 28.03.16)വരെയുള്ള 03ഓളം ബില്ലുകളിലായി തുക മാറിയിട്ടുണ്ട് ) പാലും ബിസ്കറ്റും വാങ്ങി നൽകി. ആയതിനു തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കു സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗ രേഖ, ജി.ഒ.(പി)259/2010/ത.സ്വ.ഭ.വ08.11.2010-ലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. ഒരു ലക്ഷത്തിൽ കൂടുതൽ മതിപ്പ് വിലയുള്ളവയ്ക്ക് മാർഗ്ഗരേഖ പത്രപ്പരസ്യം നൽകി ടെണ്ടർ ക്ഷണിക്കേണ്ടതാണ്. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനു ലഭിച്ച മറുപടിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതെ ഭാവിയിൽ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 3-2 പ്രോജക്ട് നടത്തിപ്പ് പുറത്തെ ഏജൻസിക്ക് നൽകിയത് ക്രമവിരുദ്ധം - 2,50,000 രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ടിന്റെ പേര് : പ്രാഥമിക പരിസ്ഥിതി സംരക്ഷണ പദ്ധതി

അടങ്കൽ : 2,50,000/-രൂപ

സംഘാടനം : കള്ളിക്കാട് ഗ്രാമ പഞ്ചായത്ത്

സംയോജനം : അക്കാഡമി ഫോർ മൗണ്ടനീയറിംഗ് & അഡ്വഞ്ചർ സ്പോർട്സ് (AMAS), നെയ്യാറ്റിൻകര.

ഫണ്ടിംഗ് ഏജൻസി : കേരള സംസ്ഥാന പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ്

നിർവഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

കേരള സംസ്ഥാന പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ 2015-2016 സാമ്പത്തിക വർഷത്തിൽ കള്ളിക്കാട് ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കിയ പ്രാഥമിക പരിസ്ഥിതി സംരക്ഷണ പദ്ധതി എന്ന പ്രോജക്ടിന്റെ ഓഡിറ്റ് പരിശോധനയിൽ ചുവടെ വിവരിക്കുന്ന അപാകതകൾ കണ്ടെത്തി.

1)സെക്രട്ടറി നേരിട്ട് നടപ്പിലാക്കേണ്ട പദ്ധതി സാങ്കേതിക സഹായം നൽകാൻ നിയോഗിക്കപ്പെട്ട ഏജൻസിയായ അക്കാഡമി ഫോർ മൗണ്ടനീയറിംഗ് & അഡ്വഞ്ചർ സ്പോർട്സ് (AMAS), നെയ്യാറ്റിൻകര എന്ന ഏജൻസിയെ നടത്തിപ്പു ചുമതല ഏല്പിക്കുകയും1,25,000/-രൂപ മുൻകൂറായി നൽകുകയും ചെയ്തു. 15/7/2015 തീയതിയിലെ പഞ്ചായത്ത് കമ്മിറ്റിയുടെ സാധാരണയോഗത്തിലെVI(1)ാം നമ്പർ തീരുമാനം AMASന്റെ സാങ്കേതിക സഹായത്തോടെ പ്രോജക്ട് നടപ്പിലാക്കുക എന്നായിരുന്നു.

2)പ്രോജക്ട് വിഭാവനം ചെയ്ത പ്രവർത്തികളിൽപ്പെട്ട ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനുള്ള അടിയന്തിര നടപടികളൊന്നും സ്വീകരിച്ചില്ല. നദികൾ വൃത്തിയാക്കി നദീതീരങ്ങളിൽ മുളവച്ചു പിടിപ്പിക്കുക എന്ന പ്രവർത്തനവും നടത്തിയിട്ടില്ല.

3) 1,00,000/-രൂപ ചെലവഴിച്ച് കള്ളിക്കാട് ഗ്രാമ പഞ്ചായത്തിലെ ജലസ്രോതസ്സുകളുടെ വിവരങ്ങളടങ്ങുന്ന 1000കൈപ്പുസ്തകവും ഡിവിഡികളും തയ്യാറാക്കി. 260 കൈപ്പുസ്തകങ്ങളും 150 ഡിവിഡികളും AMASന് നൽകിയതായി കാണുന്നു. 168 കൈ പുസ്തകങ്ങളും ഡിവിഡികളും 19.12.2015ന് നടന്ന ഡോക്കുമെന്ററി ഉദ്ഘാടനത്തോടനുബന്ധിച്ച് വിതരണം നടത്തിയതായി കാണുന്നു. ബാക്കി കൈപ്പുസ്തകങ്ങളും ഡിവിഡികളും വിതരണം നടത്തിയതിന്റെ രേഖകളൊന്നും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

4)പദ്ധതി പൂർത്തീകരിച്ചതായി AMAS ഡയറക്ടർ അറിയിക്കുകയും ചെലവു വൗച്ചറുകളും അനുബന്ധ രേഖകളും ഹാജരാക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ 1,25,000/-രൂപ കൂടെ AMASന് നൽകി.

സെക്രട്ടറി നടപ്പിലാക്കേണ്ടിയിരുന്ന പ്രോജക്ട് ബാഹ്യ ഏജൻസിയെ ഏൽപിച്ചതിനും പ്രോജക്ടിന് അനുവദിച്ച മുഴുവൻ തുകയും ഏജൻസിക്ക് നല്കിയതിനും പ്രോജക്ടിന്റെ ഭാഗമായി നിർമ്മിച്ച 1000കൈപ്പുസ്തകങ്ങളും ഡിവിഡികളും എപ്രകാരം പ്രയോജനപ്പെടുത്തി എന്ന വിവരം ലഭ്യമല്ലാത്തതിനും വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നല്കി. എന്നാൽ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ പ്രസ്താവിച്ചിരിക്കുന്ന അപാകതകൾക്ക് തൃപ്തികരമായ വിശദീകരണം ലഭ്യമാക്കി യിട്ടില്ലാത്തതിനാൽ ഈ പ്രോജക്ട് നടപ്പിലാക്കാൻ ചെലവഴിച്ച 2,50,000രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-3 ക്ഷാമബത്ത കുടിശിക അധികമായി നല്കി 10,878/-രൂപയുടെ ചെലവ് നിരാകരിക്കുന്നു

മുൻ സെക്രട്ടറിയായിരുന്ന ശ്രീ. വി. ചന്ദ്രശേഖരൻ നായർക്ക് (സർവീസിൽ നിന്നും വിരമിച്ച) 01.01.2015 മുതൽ 86% ആയി വർദ്ധിപ്പിച്ച ക്ഷാമബത്തയുടെ 31.07.2015 വരെയുള്ള കുടിശ്ശികയും 10878/-രൂപ നല്കിയത് അനർഹമാണ്.

01.12.2014മുതൽ 31.08.2015 വരെയുള്ള ഇൻക്രിമെന്റ് കുടിശ്ശിക അവകാശപ്പെട്ട ബില്ലിൽ 01.01.2015 മുതൽ 31.07.2015വരെ 25,900/-രൂപ ശമ്പളത്തിന് 86% നിരക്കിൽ 22,274/-രൂപ ക്ഷാമബത്ത അവകാശപ്പെട്ട് കുടിശ്ശികയും കൈപ്പറ്റിയിരുന്നു. എന്നാൽ ഇതേ കാലയളവിലേക്ക് 25,900/-രൂപ ശമ്പളത്തിന് 86% ക്ഷാമബത്ത അവകാശപ്പെട്ട് 6% നിരക്കിൽ കുടിശ്ശിക വീണ്ടും കൈപ്പറ്റി. ക്ഷാമബത്ത കുടിശ്ശികയും ഇൻക്രിമെന്റ് കുടിശ്ശികയും അവകാശപ്പെട്ട ബില്ലുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | ഇൻക്രിമെന്റ് കുടിശ്ശിക അവകാശപ്പെട്ട ബില്ല് | ക്ഷാമബത്ത കുടിശ്ശിക അവകാശപ്പെട്ട ബില്ല് |
|---|---|---|
| കുടിശ്ശിക അവകാശപ്പെട്ടിരിക്കുന്ന കാലയളവ് | 01.12.2014മുതൽ<br>31.08.2015 വരെ | 01.01.2015മുതൽ<br>31.07.2015 വരെ |
| 01.01.2015 മുതൽ 31.07.2015 വരെ പ്രതിമാസം അവകാശപ്പെട്ടിരിക്കുന്ന ശമ്പളവും ക്ഷാമബത്തയും | ശമ്പളം 25,900/-രൂപ<br>ക്ഷാമബത്ത<br>22,274/-രൂപ | ശമ്പളം 25,900/-രൂപ<br>ക്ഷാമബത്ത<br>22,274/-രൂപ |
| മുമ്പ് ക്ലയിം ചെയ്തതായി കുറവ് ചെയ്തിരിക്കുന്ന പ്രതിമാസ ശമ്പളവും ക്ഷാമബത്തയും | ശമ്പളം 25,280/-രൂപ<br>ക്ഷാമബത്ത<br>21,741/-രൂപ | ശമ്പളം 25,900/-രൂപ<br>ക്ഷാമബത്ത<br>20,720/രൂപ- |
| ആകെ കുടിശികയായി കൈപ്പറ്റിയിരിക്കുന്ന തുക | 10,340/-രൂപ | 10,878/-രൂപ |
| കുടിശിക മാറിയിരിക്കുന്ന ബില്ലുകളുടെ പ്രസക്ത വിവരങ്ങൾ | വൗച്ചർ നം.2150089<br>തീയതി 20.10.2015<br>തുക 10,340/-രൂപ | വൗച്ചർ നം.2150087<br>തീയതി 20.10.2015<br>തുക 10,878/-രൂപ |

അധികമായി നൽകിയ തുക മുൻ സെക്രട്ടറി ശ്രീ. ചന്ദ്രശേഖരൻ നായരിൽ നിന്ന് ഈടാക്കി പഞ്ചായത്ത് തനത് ഫണ്ടിൽ ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-4 ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ-അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തം

കള്ളിക്കാട് ഗ്രാമ പഞ്ചായത്തിലെ അഞ്ചാം വാർഡിൽ സ്ഥിതി ചെയ്യുന്ന ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത കാരണം കാര്യക്ഷമമായി പ്രവർത്തിക്കാൻ കഴിയുന്നില്ല. കുടുംബക്ഷേമ കേന്ദ്രത്തോടൊപ്പമുള്ള മിനിഹാളിലാണ് ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ പ്രവർത്തിച്ചുവരുന്നത്. അടുക്കള ഇല്ലാത്തതിനാൽ കുടുംബക്ഷേമ കേന്ദ്രത്തോടൊപ്പമുള്ള വളരെ ഇടുങ്ങിയ അടുക്കളയിലാണ് ഭക്ഷണം പാകം ചെയ്യുന്നത്. ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ പ്രവർത്തിക്കുന്ന ഹാളിനോട് ചേർന്നുള്ള ഈ അടുക്കളയിൽ വിറക് ഉപയോഗിച്ച് ഭക്ഷണം പാകം ചെയ്യുന്നത് കുടുംബക്ഷേമ കേന്ദ്രത്തിനും ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിനും അപകടകരവും അസൗകര്യവുമാണ്. മേൽ സ്ഥാപനങ്ങളോട് ചേർന്ന് ഒരു കിണർ ഉണ്ടെങ്കിലും വെള്ളം ഇല്ലാത്തതിനാൽ കുറച്ച് അകലെയുള്ള പൊതു ടാപ്പിനെ ആശ്രയിച്ചാണ് ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ പ്രവർത്തിക്കുന്നത്.കുടുംബക്ഷേമകേന്ദ്രത്തിന്റെ ഭാഗമായി ഉണ്ടായിരുന്നതും മിനി ഹാളിനോട് ചേർന്നും ഉള്ള ബാത്ത് റൂം ഏകദേശം രണ്ട് മാസമായി പ്രവർത്തന രഹിതമാണ് എന്ന് സ്ഥല പരിശോധന നടത്തിയപ്പോൾ അറിയാൻ കഴിഞ്ഞു. ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിലെ ഭിന്നശേഷിയുള്ള കുട്ടികളും മുതിർന്നവരും ഏകദേശം അൻപത് മീറ്റർ അകലെയുള്ള പുറത്തെ ബാത്ത് റൂമിൽ പോയാണ് പ്രാഥമിക കൃത്യങ്ങൾ നിർവഹിക്കേണ്ടത്. ആറ് മാസങ്ങൾക്ക് മുമ്പ് ഒരു LED TV വാങ്ങിയിട്ടുണ്ടെങ്കിലും കേബിൾ കണക്ഷൻ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ പ്രവർത്തന രഹിതമാണ്.

ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിൽ വിവിധ പ്രായത്തിലുള്ള 14 പേർ ഉണ്ട്. ഇവർക്ക് ഏതെങ്കിലും തരത്തിലുള്ള തൊഴിൽ പരിശീലനം നൽകുന്നതിനുള്ള ക്രമീകരണങ്ങളൊന്നും ഏർപ്പെടുത്തിയിട്ടില്ല. വിനോദോപാധികളോ തൊഴിൽ പരിശീലന സൗകര്യങ്ങളോ ഇല്ലാത്തതിനാൽ രാവിലെ മുതൽ വൈകുന്നേരം വരെ ഭിന്നശേഷിക്കാരായ അന്തേവാസികൾക്ക് വന്നിരുന്ന പോകാനുള്ള ഒരിടമായി ഈ സ്ഥാപനം പരിമിതപ്പെട്ടിരിക്കുന്നു.

ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിൽ അടിസ്ഥാന ആവശ്യങ്ങൾ ഒരുക്കാൻ വേണ്ട നടപടികൾ അടിയന്തിരമായി കൈക്കൊള്ളാൻ ഭരണസമിതിയുടെ ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

| ക്രമ നം. | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം./ ചെക്ക് നം. | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| ഇല്ല | | | | | | |

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| EMS housing loan | 920/09-10/DPC/ BPO dt.25.09.09 | 10524000 | 526200 | 1707036 | - | 3554964 |

തൻവർഷം പലിശയിനത്തിൽ സർക്കാരിൽ നിന്നും അടവുണ്ടായിട്ടില്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്: | | 57122746 (മുന്നിരിപ്പ് ഉൾപ്പെടെ) |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 56206480 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 77980 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 10878 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 250000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 16980 | | വി.ചന്ദ്രശേഖരൻനായർ, സെക്രട്ടറി |
| 2-6 | 61000 | | വി.ചന്ദ്രശേഖരൻനായർ, സെക്രട്ടറി |
| 3-3 | | 10878 | വി.ചന്ദ്രശേഖരൻനായർ, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3(2) | 2,50,000 | വി.ചന്ദ്രശേഖരൻനായർ, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായനഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| വി.ചന്ദ്രശേഖരൻ നായർ, സെക്രട്ടറി, | സെക്രട്ടറി,കള്ളിക്കാട് ഗ്രാമപഞ്ചായത്ത്. | മേലതിൽവീട്, മണലൂർ നെയ്യാറ്റിൻകര പി.ഓ തിരുവനന്തപുരം. |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | എൽ.എഫ്..റ്റി.ഡി 6.(എ)/1236/99 | 03 |
| 1998-99 | എൽ.എഫ്..റ്റി.ഡി 6.(എ)/850/00 | 6 |
| 1999-00 | എൽ.എഫ്..റ്റി.ഡി 6.(എ)/880/01 | 15 |
| 2000-01 | എൽ.എഫ്.റ്റി.ഡി.ജി.പി.2/388/02/7.7.14 | 12 |
| 2001-02 | എൽ.എഫ്.റ്റി.ഡി.ജി.പി.2/160/03/7.7.14 | 6 |
| 2002-03 | എൽ.എഫ്.റ്റി.ഡി.ജി.പി24/398/05/13.9.06 | 3 |
| 2003-04 | എൽ.എഫ്.റ്റി.ഡി.ജി.പി.2/69/14/13.01.14 | 13 |
| 2004-05 | എൽ.എഫ്.റ്റി.ഡി.ജി.പി.2/385/07/11.7.08 | 17 |
| 2005-06 | എൽ.എഫ്.റ്റി.ഡി.ജി.പി.2/1682/08/15.11.11 | - |

| | | |
|---|---|---|
| 2006-07 | എൽ.എഫ്.റ്റി.ഡി.ജി.പി.2/1683/08/31.07.10 | 10 |
| 2007-08 | എൽ.എഫ്.റ്റി.ഡി.ജി.പി.2/1032/09/11.01.12 | 19 |
| 2008-09 | എൽ.എഫ്.റ്റി.ഡി.ജി.പി.2/390/13/7.3.13 | 13 |
| 2009-10 | എൽ.എഫ്.റ്റി.ഡി.ജി.പി.2/1320/11/12.06.12 | എല്ലാ ഖണ്ഡികകളും നിലനിൽക്കുന്നു |
| 2010-11 | എൽ.എഫ്.റ്റി.ഡി.ജി.പി.2/355/13/4.7.13 | എല്ലാ ഖണ്ഡികകളും നിലനിൽക്കുന്നു |
| 2011-12 | എൽ.എഫ്.റ്റി.ഡി.ജി.പി.2/1787/13/18.12.13 | എല്ലാ ഖണ്ഡികകളും നിലനിൽക്കുന്നു |
| 2012-13 | എൽ.എഫ്.റ്റി.ഡി.ജി.പി.2/2456/14/16.1.15 | എല്ലാ ഖണ്ഡികകളും നിലനിൽക്കുന്നു |
| 2013-14 | എൽ.എഫ്.റ്റി.ഡി.ജി.പി.2/56/2016/16.1.16 | എല്ലാ ഖണ്ഡികകളും നിലനിൽക്കുന്നു |
| 2014-15 | എൽ.എഫ്.റ്റി.ഡി.ജി.പി.2/1362/2016/01.08.16 | എല്ലാ ഖണ്ഡികകളും നിലനിൽക്കുന്നു |

മുൻകാല ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

എസ്.17/11/16

അനുബന്ധം 1

ഓഡിറ്റ് സാക്ഷ്യപത്രം

1994 ലേ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് , ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോള ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ കള്ളിക്കാട് ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചുവടെ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, കള്ളിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 -ലെ വാർഷിക ധനകാര്യ പത്രിക, വരവ് - ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

പരാമർശങ്ങൾ

1. MGNREGS ന്റെ വരവിലും, ചെലവിലും EFMS തുക ഉൾപ്പെടുത്തിയിട്ടില്ല
2. Normal share, KLGSDP, RCA, SCP, TSP എന്നീ ഇനങ്ങളിൽ ട്രാൻസഫർ ക്രെഡിറ്റ് ചെയ്ത തുകകൾ വരവിൽ എടുത്തിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്